**കേരള കാർഷികസർവകലാശാല**

നം.**KAUEDU/1735/2025-EDU B3** തീയ്യതി: **07-08-2025**

**വിജ്ഞാപനം**

**കാർഷിക മേഖലയിൽ കഴിവു തെളിയിച്ച് സംസ്ഥാന തലത്തിൽ കർഷക അവാർഡ് നേടിയ വിദ്യാർഥികൾക്ക് കാർഷിക സർവ്വകലാശാലയിൽ പ്രവേശനം**

കാർഷിക മേഖലയിൽ തല്പരരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളെയും യുവാക്കളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയും സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടത്തുന്ന ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച് സംസ്ഥാന തലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ കർഷക പ്രതിഭയായ ഒരു വിദ്യാർത്ഥിയ്ക്ക്, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി **2025-26** അധ്യയന വർഷത്തേക്ക് പ്രവേശനം നല്കുന്നു.

**1)** അപേക്ഷാർത്ഥി സംസ്ഥാന തലത്തിൽ സംസ്ഥാന സർക്കാരിൻറെ അവാർഡ് ജേതാവും ഈ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച ആളുമായിരിക്കണം.

**2)** ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ കോഴ്സിന് വേണ്ട അടിസ്ഥാന യോഗ്യതയായ **+2**/ ഹയർ സെക്കണ്ടറി/ തത്തുല്യ പരീക്ഷ പസാവുകയും ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് മൊത്തം **50%** മാർക്ക് നേടുകയും ചെയ്തവരായിരിക്കണം.

**3)** കേരള എൻട്രൻസ് പരീക്ഷ കമ്മീഷണർ **2025-26** ലെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷാർത്ഥി ആയിരിക്കണം

**4)** അപേക്ഷാർത്ഥി കേരളത്തിൽ ജനിച്ചു വളർന്ന ആളായിരിക്കണം.

മേൽ വിവരിച്ച യോഗ്യതകൾ ഉള്ളവർക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്ത അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, കെ.എ.യു (പി. ഓ), വെള്ളാനിക്കര, തൃശ്ശൂർ-**680 656** എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫീസ് ഇനത്തിൽ കേരള കാർഷിക സർവകലാശാല കംപ്ട്രോളറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വെള്ളാനിക്കര കെ എ യു ബ്രാഞ്ചിൽ മാറിയെടുക്കാവുന്ന **500/-** രൂപയുടെ (അഞ്ഞൂറു രൂപ മാത്രം) ഡിമാൻഡ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ ജനനതീയ്യതി, വിദ്യാഭ്യാസ യോഗ്യതകൾ, എൻട്രൻസ് പരീക്ഷ റാങ്ക്, നേറ്റിവിറ്റി, സംസ്ഥാന കർഷക അവാർഡ് ബഹുമതി മുതലായവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപൂർണവും തെറ്റായതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. **അപേക്ഷ ലഭിക്കേണ്ട അവസാന തീയ്യതി 9.9.2025.** അവസാന തീയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

Signed by
Gopakumar S
Date: 07-08-2025 15:32:40

**Dr. S GOPAKUMAR**

**DIRECTOR OF EDUCATION**

രജിസ്ട്രാർക്ക് വേണ്ടി